9
ജൂലൈ 2023
ഞായർ
Pages- 5
Vol. 2 Issue 157


ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

526

# ക്രിസ്തുമതം തുടച്ചുനീക്കാം എന്നത് വ്യാമോഹം;

## സഭാ മേലധ്യക്ഷൻ



പേജ് 3കാണുക

**ഭരണഘടനയിൽ മതേതരത്വം എന്നെഴുതി വെച്ചിട്ടുള്ളത് ആലങ്കാരികമായല്ല, ജീവിക്കുന്ന തത്വമാണ്**

എഡിറ്റോറിയൽ
## ക്രിസ്ത്യൻ ലൈവ്
2023 ജൂലൈ 9 ഞായർ



# യോഗ്യമായ പ്രതിഫലം

ശരിയായ മാനദണ്ഡങ്ങൾ പാലിക്കാതെ, ധാർമ്മികത കാറ്റിൽ പറത്തി, തെറ്റായ വിലയിരുത്തലുകൾ നടത്തുന്ന കാലത്തിലാണ് നാം ജീവിക്കുന്നത്. അർഹിക്കുന്ന പ്രതിഫലം പല ജോലികൾക്കും ഇന്ന് ലഭിക്കുന്നില്ല.

കയ്യൂക്കും പിടിപാടും മറ്റുമുപയോഗിച്ച് ഉന്നത സ്ഥാനങ്ങളിൽ എത്തുന്നവരെ നമുക്ക് ചുറ്റും നാം കാണുന്നു. കൃത്രിമ ഡിഗ്രികളും പ്രവർത്തീ പരിചയ സർട്ടിഫിക്കറ്റും ഒക്കെ തരപ്പെടുത്തി ഉന്നത സ്ഥാനങ്ങൾ കയ്യാളിയ പലരെയും പറ്റിയുള്ള വാർത്തകൾ ഈയിടെ നാം അധികം കണ്ടു.

ഇവിടെ തകരുന്നത് മൂല്യങ്ങളാണ്. കാതലില്ലാത്ത ഒരു തലമുറയാണ് ഇതുമൂലം സൃഷ്ടിക്കപ്പെടുന്നത്. അതായത്, അന്തസത്ത ഇല്ലാത്ത ഒരു സമൂഹം രൂപപ്പെടുന്നു. കൈ നനയാതെ മീനെ പിടിക്കുവാനുള്ള പരിപാടികൾ വർദ്ധിക്കുന്നു. അസത്യം വാഴുന്നു. ചിന്തനീയമായ ഒരു ഉദാഹരണം നോക്കാം.

ഒരു വലിയ കപ്പൽ കേടായി. അതിന്റെ കേട് പരിഹരിക്കുവാനുള്ള ഉടമസ്ഥരുടെ പരിശ്രമങ്ങൾ എല്ലാം വിഫലമായി. ഒടുവിൽ 30 വർഷങ്ങളുടെ പ്രവർത്തീപരിചയമുള്ള ഒരു എൻജിനീയറെ അവർ കണ്ടെത്തി.

അദ്ദേഹം അതിന്റെ എൻജിൻ സസൂക്ഷ്മം അടി മുതൽ മുടി വരെ പരിശോധിച്ചു. എല്ലാം മനസ്സിലാക്കിയ ശേഷം അദ്ദേഹം തന്റെ ബാഗിൽനിന്നും ഒരു ചെറിയ ചുറ്റിക പുറത്തെടുത്തു.

അതുപയോഗിച്ചു ആ എൻജിന്റെ ചില ഭാഗങ്ങളിൽ തട്ടി. പെട്ടെന്ന് അത് സജീവമായി. അതിന്റെ പ്രശ്നം പരിഹരിക്കപ്പെട്ടു.

ഒരു ആഴ്ചയ്ക്ക് ശേഷം ആ എൻജിനീയർ ആ മഹാ യാനപാത്ര ഉടമയ്ക്ക് തന്റെ പണിക്കൂലി രേഖപ്പെടുത്തിയ ബില്ല് നൽകി. 20,000 ഡോളർ!

എന്താണിത്? ആ ഉടമ അന്ധാളിച്ചു ചോദിച്ചു.

നിങ്ങൾ അതിന് വലിയ പണിയൊന്നും ചെയ്തില്ലല്ലോ? ഞങ്ങൾക്ക് വിശദമായ ബില്ല് തരൂ...

ആ എഞ്ചിനീയർ അത് നൽകി:

ആ ചുറ്റിക ഉപയോഗിച്ച് തട്ടിയതിന് 2 ഡോളർ മാത്രം!

എന്നാൽ എവിടെ ഇടിക്കണമെന്നും എത്ര പ്രാവശ്യം ഇടിക്കണമെന്നും ഉള്ള അറിവിനാണ് 19,998 ഡോളർ!!

ഒരാളുടെ കൈമിടുക്കിനും അനുഭവപരിചയത്തിനുമുള്ള മൂല്യമാണ് ഇവിടെ കണക്കാക്കുന്നത്. കാരണം, നിരന്തരമായ നാളുകളിലെ കഷ്ടപ്പാടിന്റെയും കഠിനപരിശ്രമങ്ങളുടെയും ഒരുവേള കണ്ണുനീരിന്റെയും ഫലമാണിത്.

അദ്ദേഹം തുടർന്നു: 'ഞാൻ 30 മിനിറ്റ് കൊണ്ട് ആ ജോലി വിജയകരമായി ചെയ്തെങ്കിൽ, അതിന് പിന്നിൽ അത് പഠിക്കാൻ ഞാൻ 30 വർഷങ്ങൾ ചെലവഴിച്ചിട്ടുണ്ട്. ആ 30 മിനിറ്റുകളെക്കാൾ, ആ വർഷങ്ങൾക്കാണ് നിങ്ങൾ കടപ്പെട്ടിരിക്കുന്നത്! (കടപ്പാട്).

ഓരോ ജോലിക്കും അതിന്റേതായ മൂല്യമുണ്ട്. അത് ചെയ്യുന്ന സമയത്തേക്കാൾ, അത് അറിയുവാനും മനസ്സിലാക്കുവാനും പ്രായോഗിക പരിശീലനം നേടുവാനും അനുഭവ സമ്പത്ത് സ്വായത്തമാക്കുവാനും ചെലവഴിക്കപ്പെട്ട സമയത്തിനാണ് മൂല്യം. അതിനാണ് പ്രതിഫലം നൽകേണ്ടത്.

വിശുദ്ധ ബൈബിൾ പറയുന്നു: 'ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോട് കാണിച്ച സ്നേഹവും മറന്നുകളയുവാൻ തക്കവണ്ണം അനീതിയുള്ളവനല്ല' (എബ്രായർ 6:10).

യെശയ്യാവ് ഇങ്ങനെ പ്രവചിച്ചു: 'ഇതാ, യഹോവയായ കർത്താവ് ബാലശാലിയായി വരുന്നു; അവന്റെ ഭുജം അവനുവേണ്ടി ഭരണം ചെയ്യുന്നു; ഇതാ, കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കയ്യിലും ഉണ്ട് (യെശയ്യാവ് 40:10).

നേരോടെ നടക്കുന്നവർക്ക് ദൈവം ഒരു നന്മയും മുടക്കുകയില്ല.നമുക്ക് നേരിൽ നടക്കാം, നേരോടെ നടക്കാം.

ടൈറ്റസ് ജോൺസൻ


# ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ മെസപ്പെട്ടോമിയൻ ഭാഷ മനസ്സിലാക്കി ഗവേഷകർ



വാഷിംഗ്ടൺ:ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് മെസപ്പെട്ടോമിയൻ ഭാഷ മനസ്സിലാക്കി പുരാവസ്തു ഗവേഷകർ. പൌരാണിക ഭാഷ എളുപ്പത്തിൽ ഇംഗ്ലീഷിലേക്ക് മാറ്റാനുള്ള പരിശ്രമത്തിലാണ് ഗവേഷകർ. ചാറ്റ് ജിപിടി ഉപയോഗിക്കുന്നതുപോലെ എളുപ്പത്തിൽ എഐ ഉപയോഗിച്ച് പുരാതന ഭാഷ വായിച്ചെടുക്കാൻ കഴിയുകയില്ല. വലിയ അളവിലുള്ള ഡേറ്റായുടെ അഭാവം എഐ ഉപയോഗിച്ചുള്ള വിവർത്തനത്തിന് വെല്ലുവിളിയാകുമെന്ന് അക്കാഡമിക് റിപ്പോർട്ട് തയ്യാറാക്കിയ ഗെയ് ഗുർതേർസ് പറഞ്ഞു. ക്യൂണിഫോം, സുമേറിയൻ !, അനാഡിയൻ തുടങ്ങിയ നിരവധി പ്രാചീന ഭാഷകൾ രേഖപ്പെടുത്താൻ ഉപയോഗിച്ചിരുന്ന ആദ്യകാല എഴുത്തു സമ്പ്രദായങ്ങളിലൊന്നാണിതെന്നു കരുതപ്പെടുന്നു.

ഓക്സ്ഫോർ അക്കാഡമിക് റിപ്പോർട്ടിൽ എഐ ഡവലപ്പേഴ്സ് ക്യൂണിഫോം ഫലകങ്ങളെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുന്നതിനായി നടത്തുന്ന ശ്രമങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയിരക്കണക്കിനു ക്യൂണിഫോം ഫലകങ്ങൾ കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇത് വിവർത്തനം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഏകദേശം 3400 ബിസിയിൽ രൂപപ്പെട്ട ഭാഷയായ ക്യൂണിഫോം, ഈജിപ്ഷ്യൻ ഹൈറോഗ്ളിഫ്സ് എന്നിവ ഉൾപ്പെടെയുള്ളവ എഐ സഹായത്തോടെ വായിച്ചെടുക്കാനാണ് ഗവേഷകർ ഇതിലൂടെ ശ്രമിക്കുന്നത്.

# റ്റി.പി.എം പുനലൂർ അസിസ്റ്റന്റ് സെന്റർ പാസ്റ്റർ ടി മാത്യുവിന്റെ മാതാവ് ഏലിയാമ്മ തോമസിന്റെ സംസ്കാരം നാളെ



റാന്നി: വെച്ചൂച്ചിറ കക്കുടുക്ക പുന്നമൂട്ടിൽ പരേതനായ പി ജെ തോമസിന്റെ ഭാര്യ ഏലിയാമ്മ തോമസ് (88) ജൂലൈ 5 ന് നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം നാളെ ജൂലൈ 10 ന് രാവിലെ 10 ന് റ്റി.പി.എം വെച്ചൂച്ചിറ സഭാഹാളിലെ ശുശ്രൂഷകൾക്ക് ശേഷം റ്റി.പി.എം വെച്ചൂച്ചിറ സെമിത്തേരിയിൽ. റാന്നി വലിയകാവ് പൂച്ചെടി കുടുംബാംഗമാണ്. മക്കൾ: പാസ്റ്റർ ടി മാത്യു (അസിസ്റ്റന്റ് സെന്റർ പാസ്റ്റർ, റ്റി.പി.എം പുനലൂർ), ജോസ്, സാജൻ (ഡൽഹി), പരേതയായ സിസ്റ്റർ ലാലമ്മ തോമസ് (റ്റി.പി.എം തിരുവനന്തപുരം). മരുമക്കൾ: ചാത്തൻതറ കൊട്ടകുഴിയിൽ സൂസമ്മ ജോസ്, ചണ്ണപ്പേട്ട പ്ലാവില്ല പുത്തൻവീട് ബിന്ദു സാജൻ (നഴ്സിങ് സൂപ്രണ്ട്, സരോജ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഡൽഹി).

# ഐ സി പി എഫ് കോഴിക്കോട് യുവജന സമ്മേളനം

കോഴിക്കോട് :ഐ സി പി എഫ് കോഴിക്കോട് ചാപ്റ്റർ സംഘടിപ്പിക്കുന്ന യുവജന സമ്മേളനം ജൂലൈ 17 ന് തിങ്കളാഴ്ച്ച രാവിലെ 9:30 മുതൽ വൈകീട്ട് 4 വരെ കോഴിക്കോട് പുതിയറ ചർച്ച് ഓഫ് ഗോഡ് സഭാ ഹാളിൽ വെച്ച് നടക്കും.
ഡോ. സിനി ജോയ്സ് മാത്യു (കൺസൾട്ടിങ്ങ് സയന്റിസ്റ്റ് യുണൈറ്റഡ് നേഷൻസ് )'കണക്റ്റഡ് ടു ക്രൈസ്റ്റ് ' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിക്കും. ഐ സി പി എഫ് ക്വയർ സംഗീത ശുശ്രുഷക്ക് നേതൃത്വം നൽകും.

Editorial board

**Chief Editor:** Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.
Pr. Blesson Cherian, Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

# മോശയും ദൈവവും തമ്മിലുള്ള വ്യക്തി ബന്ധം





ഷിജു മാത്യു, ഇഞ്ചത്തുണ്ടിയിൽ

വിശുദ്ധ വേദപുസ്തകത്തിൽ അനേക വിശുദ്ധന്മാരും അവരുടെ ദൈവവുമായുള്ള ആഴത്തിലുള്ള ബന്ധങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്.

എന്നാൽ നമ്മെ വളരെ ആകർഷിക്കുന്നതും അടുത്തറിയുമ്പോൾ ചിലപ്പോളെങ്കിലും കോരിത്തരിപ്പിക്കുന്നതുമായ ഒരു സ്നേഹ ബന്ധമാണ് മോശയും യഹോവയാം ദൈവവുമായി ഉള്ളത്.

ഒരു കർക്കശക്കാരനായ അപ്പന്റെ മുന്നിൽ അനുസരശീലമുള്ള മകൻ എങ്ങനെയാണോ വിധേയത്വം കാണിക്കുന്നത് അതുപൊലെ വളരെ വിനയാന്വിതനായി ആണ് മോശ ദൈവ സന്നിധിയിൽ നിൽകുന്നത്.

ദൈവ കല്പനകളെ എത്ര ഭയഭക്തി ബഹുമാനത്തോടെയും വ്യക്തി ബന്ധങ്ങൾക്കപ്പുറമായി ആണ് മോശ അനുസരിക്കുന്നത്.

എന്നാൽ ചിലപ്പോഴൊക്കെ അപ്പന്റെ കർക്കശ്യ തീരുമാനങ്ങളെ ഒരു മകന്റെ സ്നേഹത്തോടും സ്വാതന്ത്രത്തോടും കൂടെ മോശ ജയിക്കുന്നത് അല്പം അതിശയത്തോടു കൂടി മാത്രമേ നമുക്കു വായിക്കാൻ കഴിയൂ

ദുശാഠ്യമുള്ള ഈ ജനത്തിന്റെ ഒപ്പം ഞാൻ നടക്കില്ല.. പകരം ഞാനൊരു ദൂതനെ നിങ്ങൾക് മുമ്പായി അയക്കാം എന്ന് യഹോവ പറയുമ്പോൾ, സ്നേഹത്തോടു നിരസിച്ചു , ദൈവം എപ്പോഴും കൂടെ ഉണ്ടാവേണ്ട ആവശ്യകതയെപ്പറ്റി മോശ ദൈവത്തെ പറഞ്ഞു മനസിലാക്കാൻ ശ്രമിക്കുമ്പോൾ ഒരു പിഞ്ചു കുഞ്ഞിന്റെ ആഗ്രഹങ്ങൾക്ക് മുമ്പിൽ സമ്മതിച്ചു കൊടുക്കുന്ന ഒരു അപ്പനെ പോലെ സർവശക്തനായ ദൈവം നിന്ന് കൊടുക്കുന്നത് കാണാം

മക്കൾ അപ്പനോട് വലിയ കാര്യങ്ങൾ സംസാരിക്കുന്നത് കേൾക്കുമ്പോൾ തന്നോളമായ മക്കളെകുറിച്ച് അപ്പന് അഭിമാനം തോന്നാറില്ലേ .

മകനോടുള്ള സ്നേഹത്തിന്റെ മുന്നിൽ അസാധ്യമെന്ന് തോന്നുന്നത് പോലും സാധിപ്പിച്ചു കൊടുക്കുന്ന ഒരു അപ്പനെയും നമുക്ക് കാണാം.

മോശ ദൈവത്തെ കാണണമെന്ന് പറയുമ്പോൾ 'നിനക്കു എന്റെ മുഖം കാണ്മാൻ കഴികയില്ല; ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല എന്നും അവൻ കല്പിച്ചു'

എന്നാൽ മോശയുടെ ആഗ്രഹത്തിന്റെ മുന്നിൽ അസാധ്യമെന്ന് പറഞ്ഞ കാര്യം പോലും മോശയ്ക് നടത്തി കൊടുക്കാൻ യഹോവ പാറയുടെ പിളർപ്പിലൂടെ കടന്നു മോശയ്ക് പ്രത്യക്ഷൻ ആകുന്നു.

ചിലപ്പോഴൊക്കെ മക്കളുടെ പിടിവാശിക്കു മുന്നണിൽ അവരുടെ ആഗ്രഹത്തിന് നാം വഴങ്ങി കൊടുക്കാറില്ലേ?

ഒരു വാക്കു കൊണ്ട് പ്രപഞ്ചത്തെ ഉണ്ടാക്കിയവൻ ആണ് മോശയെപ്പോലെ ഒരു ചെറു വ്യക്തിക്ക് വഴങ്ങിക്കൊടുക്കുന്നത് എന്നോർക്കുമ്പോൾ ആ ബന്ധത്തിന്റെ ആഴം എത്ര വലുതായിരിക്കും

ഇങ്ങനെ ഉള്ള ഒരു പരസ്പര ബന്ധം നമുക്ക് അസ്സൂയയോടെ അല്ലാതെ നോക്കിക്കാണാൻ പറ്റുമോ?

എന്നാൽ എങ്ങനെയാണ് മോശ അങ്ങനെ ഒരു ബന്ധം ഉണ്ടാക്കിയെടുത്തതു എന്ന് ചിന്തിച്ചിട്ടുണ്ടോ?

മോശയുടെ ചില സ്വഭാവ സവിശേഷതകൾ നമുക്ക് കാണാം ;

1. നിസ്വാർത്ഥ സേവനം

മോശയെ ദൈവം ഒരു ദൗത്യം ഏല്പിക്കുമ്പോൾ അവൻ നമ്മളിൽ പലരെയും പോലെ , എനിക്കെന്ത് പകരം കിട്ടുമെന്ന് ചോദിക്കുന്നില്ല.

ദൈവം അവനെ അയയ്ക്കുമ്പോൾ അവൻ ഒരു അടിമ അല്ലായിരുന്നു. വളരെ സന്തോഷകരമായ ഒരു കുടുംബ ജീവിതം നയിക്കുന്ന വ്യക്തി ആയിരുന്നു.

തന്റെ അമ്മായിഅപ്പനുമായും ഭാര്യ സഹോദരനുമായി ഒക്കെ എത്ര ഊഷ്മളമായ ബദ്ധമായിരുന്നു മോശയ്ക്കുണ്ടായിരുന്നത് എന്നു മരുഭൂമിയിൽ വച്ചുള്ള അവരുടെ കൂട്ടായ്മകൾ നമുക്ക് വെളിവാകുന്നതാണ് .

തെളിച്ചു പറഞ്ഞാൽ പറഞ്ഞാൽ വളരെ സുരക്ഷിതമായ ഒരു ചുറ്റുപാടിൽ നിന്ന് ഒരു അരക്ഷിതാവസ്ഥയിലേക്കു ഒരു ലാഭേച്ഛയും സ്വാർത്ഥ താല്പര്യങ്ങളുമില്ലാതെ മോശ ഇറങ്ങി തിരിക്കുന്നു.

തന്റെ കഴിവുകളെപ്പറ്റി ഉള്ള ഭയത്തിനപ്പുറം മോശ ഒരിക്കൽ പോലും ദൗത്യനിർവ്വഹണത്തിനു മടി കാണിക്കുന്നില്ല.
പ്രഭാതം മുതൽ സന്ധ്യ വരെ ജനങ്ങൾക്കു വേണ്ടി അവരുടെ കാര്യം തീർക്കുമ്പോൾ തന്റെ കൂടെ ഉള്ളവർക്കു അത് അവനു സഹിക്കാവുന്നതിലും അപ്പുറം എന്ന് തോന്നുന്നുണ്ട് എങ്കിലും മോശ അതിനെക്കുറിച്ച് ചിന്തിക്കുന്നു പോലുമില്ല എന്നുള്ളതാണ് സത്യം.

2 . നിസ്വാർത്ഥ സ്നേഹം

പല സന്നർഭങ്ങളിലും ദൈവം മോശയ്ക്ക് പല വ്യക്തിപരമായ അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്യുമ്പോഴും തന്നെ ഏല്പിച്ച, താൻ സ്നേഹിച്ച ജനത്തിനപ്പുറം ഒരു വ്യക്തിപരമായ അനുഗ്രഹങ്ങളും ഉയർച്ചകളും അവൻ ആഗ്രഹിക്കുന്നതെ ഇല്ല.

3 . ദൈവത്തോടുള്ള വിധേയത്വം

ദൈവ കല്പന അനുസരിക്കുന്നതിൽ മോശ ഒരിക്കലും സ്വന്ത താല്പര്യങ്ങളും ബന്ധങ്ങളും നോക്കുന്നില്ല. ദൈവല്പന അനുസരിക്കാത്തവരെ നിഗ്രഹിക്കാൻ കല്പിക്കുമ്പോൾ ഒരു ബന്ധവും നോക്കാതെ വാൾ എടുത്തു ദൈവ കല്പന അനുസരിക്കുന്നു.

4 . സ്വന്ത കാര്യത്തിലെ സഹിഷ്ണത:

മുകളിൽ സൂചിപ്പിച്ചത് പോലെ ദൈവകാര്യത്തിലെന്ന പോലെ കുടുംബ ബന്ധങ്ങളെ എത്ര മൂല്യവത്തായി അവൻ കണ്ടിരുന്നുവെന്ന് നമുക് കാണാം.

തന്നെ അപമാനിക്കുകയും പരിഹസിക്കുകയും ചെയ്ത സ്വന്ത സഹോദരിയോട് മറുത്തൊരു അക്ഷരം പറയാതെ ആ ദൈവ പുരുഷൻ സ്വന്തം സഹോദരിയോട് വേണ്ട കടപ്പാടും ബഹുമാനവും സഹിഷ്ണതയും കാണിക്കുന്നു

തിരുവനത്തിൽ യഹോവയെ ദൈവം ഒരാളുടെ ശവസംസ്കാരം നേരിട്ടു നടത്തിയിട്ടുണ്ടെങ്കിൽ അത് മോശയുടെ മാത്രം അല്ലെ?

യേശുവിന്റെ അടുക്കൽ ഏലീയാവിനോപ്പം ഇറങ്ങി വരാൻ മോശയെ തിരഞ്ഞെടുത്തത് അവരുടെ ആഴത്തിലുള്ള സ്നേഹബന്ധത്തിന്റെ ഒരു തെളിവും കൂടെഅല്ലെ?.

ഒരു സ്നേഹിതേപോലെ മുഖാമുഖം സംസാരിക്കുന്ന മോശയെയും യഹോവയെയും നമുക്ക് പുറപ്പാട് പുസ്തകത്തിൽ കാണാൻ കഴിയും.

ഇത് വായിക്കുന്ന നിങ്ങളും ഇപ്പോൾ ഇതുപോലെ ഉള്ള ഒരു ഊഷ്മള സ്നേഹബന്ധം കൊതിക്കുന്നില്ലേ.

മോശയെപ്പോലെ എല്ലാറ്റിനും ഉപരിയായി അവനെ സ്നേഹിക്കാൻ നിങ്ങൾ ഒരുക്കമാണോ? എങ്കിൽ നിങ്ങൾക്കുവേണ്ടിയും അവൻ ഇറങ്ങി വരാൻ തയ്യാറാണ് .

പത്രോസിനോട് ചോദിച്ചതുപോലെ ആ ശബ്ദം ഇന്നും നമ്മളോട് ചോദിച്ചു കൊണ്ടേ ഇരിക്കുന്നു ;

മകനെ/മകളെ ,ഇവയിൽ അധികമായി നീ എന്നെ സ്നേഹികുന്നുവോ ?

## ബിലീവേഴ്സ് ബൈബിൾ ചാപ്പൽ വി ബി എസ്

ഡെന്റൺ :ഡെന്റൺ ബിലീവേഴ്സ് ബൈബിൾ ചാപ്പൽ പ്രീകിന്റർഗാർട്ടൻ മുതൽ 8ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി വെക്കേഷൻ ബൈബിൾ സ്ക്കൂൾ സംഘടിപ്പിക്കുന്നു. കാലത്തിലൂടെ സഞ്ചരിച്ച എക്കാലത്തെയും പ്രധാനപ്പെട്ട വ്യക്തി ക്രിസ്തു മാത്രമല്ല അവൻ ദൈവവും കൂടിയായിരുന്നു. ലോകത്തെ കീഴ്മേൽ മറിച്ച ആ ക്രിസ്തുവിനെ കണ്ടെത്തുന്നതിനുള്ള അവസരമാണ് വി ബി എസ്സിലൂടെ ഒരുക്കുന്നത്. പ്രവേശനം സൗജന്യമാണ്. ജൂലൈ 11 വെള്ളി മുതൽ ജൂലൈ 14 വരെ, 6:30 pm 8:30 pm ബിലീവേഴ്സ് ബൈബിൾ ചാപ്പൽ, 2116 ഓൾഡ് ഡെന്റൺ റോഡ്, കരോൾട്ടൺ.

## ലെസ്റ്ററിൽ വെക്കേഷൻ ബൈബിൾ ക്ലാസുകൾ

ലെസ്റ്റർ : സുവാർത്ത മിനിസ്ട്രിസിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 19 മുതൽ 22 വരെ വെക്കേഷൻ ബൈബിൾ സ്കൂൾ (VBS) നടത്തപ്പെടുന്നു. എല്ലാ ദിവസവും ഉച്ചക്ക് 1 മണി മുതൽ വൈകിട്ട് 6 മണി വരെയും 22 ശനിയാഴ്ച രാവിലെ 11 മണി മുതൽ 4 മണി വരെയുമാണ് റഗ്ബി ക്ലബ്, ബിർസ്റ്റാൾ റോഡ് (പോസ്റ്റ്കോട് LE4 4DE)ൽ വച്ച് വി.ബി.എസ് നടത്തപ്പെടുന്നത്. 3 വയസ്സ് മുതൽ 16 വയസ്സുവരെ യുള്ള കുട്ടികൾക്കാണ് പ്രവേശനം. പ്രവേശനം തികച്ചും സൗജന്യമാണ്. ജാതിമത ഭേദമെന്യേ എല്ലാ കുഞ്ഞുങ്ങളെയും 4 ദിവസങ്ങളിലായി നടക്കുന്ന വേദപഠന ക്ളാസുകളിലേക്ക് സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.

CNL7 MEDIA
# CHRISTIANLIVE DAILY
Vol. 2 Issue 157
9 Sunday Pages 5
526

